II ശ്രദ്ധക്ഷണിക്കൽ

(1) കള്ളുചെത്ത് വ്യവസായത്തിലെ പ്രശ്നങ്ങൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, കേരളത്തിൽ കള്ളുചെത്ത് വ്യവസായത്തിന്റെ സംരക്ഷണവും തൊഴിലാളികളുടെ സംരക്ഷണവും ആവശ്യപ്പെട്ട് സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ ഇന്ന് സെക്രട്ടേറിയറ്റ് മാർച്ചും ധർണ്ണയും നടത്തുകയാണ്. ഗവൺമെന്റ് നടപ്പിലാക്കിവരുന്ന മദ്യനയം കള്ളുചെത്ത് വ്യവസായത്തിൽ വലിയ പ്രതിസന്ധിക്ക് വഴിയൊരുക്കി; മദ്യ മാഫിയയുടെ വളർച്ചയ്ക്കും ഗവൺമെന്റിന്റെ മദ്യനയം കാരണമായി. പരമ്പരാഗത വ്യവസായമായ കള്ളുചെത്ത് വ്യവസായത്തിൽ പ്രത്യക്ഷവും പരോക്ഷവുമായി ഒരു ലക്ഷം പേർ ജോലി ചെയ്യുന്നു. കേര കർഷകർക്കും പന ഉടമകൾക്കും വൃക്ഷ പാട്ടമായി കോടിക്കണക്കിന് രൂപ വരുമാനം ലഭിക്കുന്നുണ്ട്. വൃക്ഷക്കരം, ലൈസൻസ് ഫീ എന്നീ ഇനങ്ങളിൽ ഗണ്യമായ തുക ഗവൺമെന്റിന് വേറെയും ലഭിക്കുന്നു. ഏറെ പ്രാധാന്യമുള്ള തൊഴിലധിഷ്ഠിത വ്യവസായമായ കള്ളുചെത്ത് വ്യവസായത്തിന്റെ പ്രത്യേകത പരിഗണിച്ച് ഈ വ്യവസായത്തിന്റെ അഭിവൃദ്ധിക്കും സംരക്ഷണത്തിനും ഉതകുന്ന നയം ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കണം. ഈ വർഷം 4362 കള്ളുഷാപ്പുകൾക്ക് ലൈസൻസ് നൽകാനാണ് ഗവൺമെന്റ് തീരുമാനിച്ചത്. 1610 കള്ളുഷാപ്പുകൾ നിർത്തലാക്കിയിട്ടുണ്ട്. ഈ നിലപാട് കള്ളു വ്യവസായത്തെ പ്രതികൂലമായി ബാധിച്ചു. നിർത്തലാക്കിയ കള്ളുഷാപ്പുകളിലെ തൊഴിലാളികളെക്കൂടി നിലവിലുള്ള ഷാപ്പുകളിൽ ഉൾപ്പെടുത്തേണ്ടിവന്നത് നിരവധി ഷാപ്പുകൾ നഷ്ടത്തിലാകാൻ കാരണമായി. വൻതോതിലുള്ള വ്യാജമദ്യ വിൽപ്പനയ്ക്ക് അത് സൗകര്യമൊരുക്കി. നിർത്തലാക്കിയ കള്ളുഷാപ്പുകൾ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. കള്ളുചെത്ത് വ്യവസായത്തിന്റെ തകർച്ചയ്ക്ക് വേഗത കൂട്ടുന്ന മറ്റൊരു സമീപനമാണ് നീര ഉൽപ്പാദിപ്പിച്ച് വിൽപ്പന നടത്താൻ അംഗീകാരം നൽകിയ ഗവൺമെന്റ് നടപടി. വീടുകൾ കള്ളുഷാപ്പുകളാക്കി മാറ്റാനും അരക്ഷിതാവസ്ഥ ക്ഷണിച്ചുവരുത്താനും മാത്രം ഉതകുന്ന നടപടിയാണിത്. നീരയ്ക്ക് അംഗീകാരം നൽകാനുള്ള തീരുമാനം ഉടനെ റദ്ദ് ചെയ്യണം. വീര്യം കൂടിയ വിദേശ മദ്യം വിൽക്കുന്ന ഷാപ്പിന് ദൂരപരിധി 200 മീറ്ററാണ്. കള്ളുഷാപ്പിന് 400 മീറ്റർ. ഇത് അപ്രായോഗികമാണ്. കള്ളുഷാപ്പുകളെ ദൂരപരിധി നിയമത്തിൽ നിന്ന് ഒഴിവാക്കണം. വ്യാജമദ്യ വിൽപ്പന തടയാനും കള്ളുഷാപ്പുകളിൽ കൃത്രിമ കള്ള് വിൽക്കുന്നത് തടയാനും കഴിയുന്ന വിധമായിരിക്കണം. മദ്യനയത്തിന് രൂപം നൽക്കേണ്ടത്. ഷാപ്പുകളുടെ ലൈസൻസ് ഫീ ശാസ്ത്രീയമായി പുനർനിർണ്ണയം ചെയ്യണം. ഷാപ്പുകൾ ഒറ്റയ്ക്കൊറ്റയ്ക്ക് നടത്തുക എന്നുള്ളത് സംസ്ഥാനത്താകെ പ്രായോഗികമല്ല. ഈ വ്യവസായത്തിന്റെ സ്വഭാവം ഓരോ പ്രദേശത്തും വ്യത്യസ്തമാണ്. താലൂക്ക്, റെയ്ഞ്ച് അടിസ്ഥാനത്തിൽ ഷാപ്പുകൾ നൽകുന്നതിനും നടത്തുന്നതിനുമാവശ്യമായ

[9.30 A. M]

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനമുണ്ടാക്കണം. വ്യവസായത്തിന്റെ സുഗമമായ നടത്തിപ്പിന് കാലാവധി ഒരു വർഷം എന്നത് കൂടുതൽ വർഷങ്ങളായി നിജപ്പെടുത്തണം. വർദ്ധിച്ചുവരുന്ന മദ്യത്തിന്റെ കള്ളക്കടത്തും കള്ളവാറ്റും വിൽപ്പനയും തടയാൻ എക്സൈസ് സേനയെ ശക്തിപ്പെടുത്തുകയും നവീകരിക്കുകയും വേണം. എക്സൈസ് സേനയ്ക്ക് വാഹനവും ആയുധവും വാർത്താവിനിമയ സൗകര്യവും നൽകണം. ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കണം. ബാറുകളിൽ തുടർച്ചയായി പരിശോധന നടത്തണം. വ്യക്തിക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ പരമാവധി അളവ് കുറയ്ക്കണം. മദ്യരംഗത്തെ നിയമവിരുദ്ധ പ്രവണതകൾ ചൂണ്ടിക്കാണിക്കാൻ സ്റ്റാറ്റ്യൂട്ടറി അധികാരത്തോടുകൂടിയ ഉപദേശക സമിതികൾ റെയ്ഞ്ച്, ജില്ലാ, സംസ്ഥാന തലത്തിൽ തൊഴിലാളി സംഘടനകൾക്ക് കൂടി പ്രാതിനിധ്യം നൽകി രൂപീകരിക്കണം. ഏതെങ്കിലും റെയ്ഞ്ചിൽ വ്യാജമദ്യ വിൽപ്പന നടക്കുന്നതായി തെളിഞ്ഞാൽ ബന്ധപ്പെട്ട റെയ്ഞ്ചിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷണനടപടി സ്വീകരിക്കണം. മദ്യമാഫിയകളുമായുള്ള ബന്ധം തടയാൻ ഇത് സഹായകരമാകും. കള്ളുചെത്ത് വ്യവസായത്തിലെ തൊഴിലാളികൾക്ക് പെൻഷൻ നൽകാൻ ക്ഷേമനിധി ബോർഡിന് ഗവൺമെന്റ് നൽകേണ്ടുന്ന വിഹിതം ഇപ്പോൾ 4 കോടി രൂപയിലധികം കുടിശ്ശികയാണ്. വളരെ അപകടകരമായ സാഹചര്യത്തിൽ ജോലി ചെയ്യുന്നവരും സംസ്ഥാനത്തെ റവന്യൂ വരുമാനത്തിൽ വലിയ പങ്ക് നേടിത്തരുന്നവരുമായ കള്ളുചെത്ത് വ്യവസായത്തിലെ തൊഴിലാളികൾക്ക് പെൻഷൻ നൽകാനുള്ള ചെറിയ സഹായത്തിൽ കുടിശ്ശിക വരുത്തുന്നത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. കുടിശ്ശിക തുക നൽകുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം. പെൻഷൻ 150 രൂപയായി വർദ്ധിപ്പിക്കുന്നതിന് ക്ഷേമനിധി ബോർഡ് തീരുമാനിക്കുകയും ഗവൺമെന്റിന്റെ അംഗീകാരം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. 150 രൂപയായി പെൻഷൻ വർദ്ധിപ്പിക്കാനുള്ള അംഗീകാരം നൽകാനുള്ള അടിയന്തിര നടപടി ഗവൺമെന്റ് സ്വീകരിക്കണം. തൊഴിൽ സംരക്ഷണത്തെ മുൻനിർത്തി കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ സമരത്തെത്തുടർന്ന് കള്ളുചെത്ത് വ്യവസായത്തിലെ നിരവധി തൊഴിലാളികളുടെ പേരിൽ കേസുകളെടുത്തിട്ടുണ്ട്. തൊഴിലാളികളുടെ പേരിലെടുത്തിട്ടുള്ള അബ്കാരി കേസുകളും ക്രിമിനൽ കേസുകളും റദ്ദ് ചെയ്യാനുള്ള നടപടി ഗവൺമെന്റ് അടിയന്തിരമായി സ്വീകരിക്കണം. ഈ വ്യവസായ രംഗത്ത് സമാധാനാന്തരീക്ഷം നിലനിൽക്കുന്നതിന് അത്തരമൊരു നടപടി ആവശ്യമാണ്. ഈ കാര്യങ്ങളെല്ലാം പരിഗണിച്ചുവേണം അടുത്ത വർഷത്തെ ലേലനയം രൂപീകരിക്കേണ്ടതെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഗൗരവമായ ശ്രദ്ധയിലേക്ക് കൊണ്ടുവരികയാണ്. ഗവൺമെന്റ് പ്രത്യേകമായ തുക മുടക്കാതെതന്നെ പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് ജോലി കൊടുക്കുന്ന ഈ വ്യവസായം

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലധിഷ്ഠിത വ്യവസായമായി പരിഗണിച്ച് ഈ വ്യവസായത്തിന്റെ സംരക്ഷണത്തെ മുൻനിർത്തിക്കൊണ്ടുള്ള നടപടികൾ സ്വീകരിക്കാൻ സന്നദ്ധമാകണമെന്ന് ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിച്ചുകൊണ്ട് ഞാൻ ആവശ്യപ്പെടുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ബഹുമാനപ്പെട്ട മെമ്പർ രാമകൃഷ്ണൻ കള്ള് വ്യവസായത്തെക്കുറിച്ചും കള്ളുചെത്ത് തൊഴിലാളികളെക്കുറിച്ചും പരാമർശിച്ചത് നൂറ് ശതമാനവും ശരിയാണ്. കള്ള് ഷാപ്പുകളുടെ എണ്ണം 5972-ൽ നിന്ന് ഇപ്പോൾ 4362 ആയി കുറഞ്ഞിട്ടുണ്ട്. വളരെയധികം തൊഴിലാളികൾ ജോലി ചെയ്യുന്ന തൊഴിൽ മേഖലയാണ് കള്ളു വ്യവസായം. ഇവിടെ രണ്ട് സമീപനമാണുള്ളത്. ഒരു ഭാഗത്ത്, കള്ളുഷാപ്പുകളുടെ എണ്ണം കൂട്ടാൻ പാടില്ല എന്ന് മദ്യനിരോധന സമിതിക്കാരും അതിന്റെ പിന്നിൽ കുറേ സംശുദ്ധതയുള്ള രാഷ്ട്രീയ പ്രവർത്തകൻമാരും, മറ്റൊരു ഭാഗത്ത് കള്ളുഷാപ്പുകളുടെ എണ്ണം കൂട്ടി തൊഴിലാളികൾക്ക് ജോലി കൂടുതൽ നൽകണമെന്നുമുള്ള രണ്ട് സമീപനമാണുള്ളത്. യൂണിയനുകളുമായി ആലോചിച്ചുകൊണ്ട് ഒരു അനുകൂലമായ തീരുമാനം എടുക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. ഇവിടെ ശ്രീ. രാമകൃഷ്ണൻ പരാമർശിച്ചു, നീര കൊണ്ടുവരാൻ വേണ്ടിയുള്ള ശ്രമമുണ്ടെന്നുള്ളത്. നീര കൊണ്ടുവരാൻ വേണ്ടി തീരുമാനമെടുത്തത് ഒരു കമ്മിറ്റിയാണ്. നീര കൊണ്ടുവരാനുള്ള പ്രധാനമായ കാരണം ഇവിടെ കുറേ ആളുകൾക്ക് ജോലി കിട്ടുമെന്നുള്ളതാണ്. അവർ നീര ഉൽപ്പാദിപ്പിച്ച് അവർ തന്നെ വിൽക്കണം. 5 മണി മുതൽ 6 മണി വരെ നീര ഉൽപ്പാദിപ്പിക്കണം. 6 മണിക്കുള്ളിൽ നിർത്തണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഗവൺമെന്റ് അതിന് ഔദ്യോഗികമായി അംഗീകാരം കൊടുത്തിട്ടില്ല. അതിന് ശുപാർശയുണ്ട്; പക്ഷേ ഇപ്പോൾ കൊടുത്തിട്ടില്ല. കൊടുക്കേണ്ട കാര്യം ആലോചിച്ചേ ചെയ്യുകയുള്ളു. ഞാനിന്നലെ എക്സൈസ് കമ്മീഷണറോട് ചോദിച്ചു,—ഇതിന് ലൈസൻസ് കൊടുക്കേണ്ടത് എക്സൈസ് കമ്മീഷണറാണ്—എക്സൈസ് കമ്മീഷണർ ലൈസൻസ് കൊടുത്തിട്ടില്ല. ഇനി അഥവാ ലൈസൻസ് കൊടുക്കാതെ നടത്തുന്നുണ്ടെങ്കിൽ അത് നിർത്തലാക്കാൻ തീർച്ചയായിട്ടും പറയാം. ഇതൊന്നും നമുക്ക് അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങളല്ല. ഈവക കാര്യങ്ങളിൽ ഇതിന്റെ ഭാരവാഹികളുമായി, ശ്രീ. രാജേന്ദ്രനുൾപ്പെടെയുള്ളവരുമായി, ചർച്ച ചെയ്തിട്ട് എല്ലാവർക്കും അംഗീകാരമുള്ള വിധത്തിലുള്ള ഒരു തീരുമാനമാണ് കഴിഞ്ഞ കൊല്ലം തന്നെ എടുത്തത്. നമ്മൾ ഇതിൽ ആലോചിക്കേണ്ട ഒരു കാര്യം, 2000-01-ൽ 146 കോടി രൂപ വരുമാനമുണ്ടായിരുന്നു. കള്ള് ഷാപ്പ് ലേലം ചെയ്ത് കൊടുത്തപ്പോൾ കഴിഞ്ഞ വർഷം നമുക്ക് കിട്ടിയത് കേവലം 25 കോടി രൂപയാണ് ഗവൺമെന്റ് ഇതൊരു വരുമാനമാർഗ്ഗമായി കണക്കാക്കിയിട്ടില്ല. ഇവർക്ക് അനുകൂലമായ ഒരു തീരുമാനം എടുത്തുകൊണ്ട്, തൊഴിലാളികൾക്ക് ജോലി കിട്ടുകയെന്നുള്ളതാണ്. ഇതിൽ ഒരു കാര്യം ശ്രീ. രാമകൃഷ്ണൻ പറഞ്ഞത് ശരിയാണ്. ഇവിടെ ജനങ്ങൾ അങ്ങനെ കള്ള് കുടിക്കുന്നില്ല. അതിന് പ്രധാനമായ കാരണം ഇപ്പോഴത്ത് ഏശുന്നില്ല എന്നുള്ളതാണ്. അവരുടെ പ്രധാന.....നമ്മളും

LIBRARY ARCHIVES Kerala Legislative Assembly

ആളുകളുമായിട്ട് സംസാരിക്കുന്നതാണല്ലോ? പ്രത്യേകിച്ച് ഈ പ്രദേശങ്ങളിലൊന്നും ചെത്തും ഇല്ല. കള്ള് ഷാപ്പുകളിൽ വിൽക്കുന്നത് ശുദ്ധമായ കള്ളല്ല. 'അന്വേഷിക്കണം', 'റെയ്ഡ് വേണം' എന്നൊക്കെ ശ്രീ. രാമകൃഷ്ണൻ പറഞ്ഞപ്പോൾ, ഇതിൽ റെയ്ഡ് നടത്തിയാൽ കാണാൻ കഴിയുന്നത് എന്താണെന്നുവച്ചാൽ ശുദ്ധമായ കള്ളിന് ശുദ്ധവുമായി യാതൊരു ബന്ധവുമില്ലാത്ത് അശുദ്ധമായ സാധനമാണ് വിൽക്കുന്നത് എന്നതാണ്. അതിന്റെ ബുദ്ധിമുട്ട് വേറെ നടക്കുന്നു. ഇതിൽ നമുക്ക് ഒരു തുറന്ന മനസ്സോയുള്ളു. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം തൊഴിലാളികൾക്ക് ജോലി കിട്ടണമെന്നുള്ള കാര്യത്തിൽ നൂറ് ശതമാനവും നിൽക്കും. നിലവിലുള്ള കള്ളുഷാപ്പുകൾ തന്നെ നിർത്തലാക്കിയപ്പോൾ തൊഴിലാളി സംഘടനകൾ വന്നുകണ്ട് തൊഴിലാളിക്ക് ഇത് കൊടുക്കണമെന്ന് പറഞ്ഞപ്പോൾ ചുരുങ്ങിയ പൈസ വാങ്ങിയാണ് തൊഴിലാളികളെ ഇത് ഏൽപ്പിക്കാൻ വേണ്ടി തീരുമാനിച്ചത്. എനിക്ക് വിനീതമായ അപേക്ഷയുള്ളത്, തൊഴിലാളികളെ ഏൽപ്പിക്കുമ്പോൾ പിന്നെ ബിനാമിയെ ഏൽപ്പിക്കാതിരിക്കാൻ ശ്രമിച്ചാൽ നമുക്കും നല്ലതാണ് എന്നതാണ്. ഏതായാലും ഇക്കാര്യത്തിൽ ഗവൺമെന്റിന് പോസിറ്റീവായിട്ടുള്ള അപ്രോച്ച് മാത്രമേയുള്ളു. തൊഴിലാളി സംഘടനകളുമായും അതിന്റെ ഭാരവാഹികളുമായും ആലോചിച്ച് മാത്രമേ ഇക്കാര്യത്തിൽ ഒരു അന്തിമ തീരുമാനമെടുക്കുകയുള്ളു. തീർച്ചയായും കള്ളുചെത്ത് വ്യവസായികൾക്കും കള്ളിനും ഒരു പുതിയ സമീപനവും മാറ്റവും ഉണ്ടാകണമെന്നുള്ളതാണ് ഗവൺമെന്റിന്റെ തീരുമാനം.

ശ്രീ. ടി. പി. രാമകൃഷ്ണൻ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചപ്പോൾ നീര ഉൽപ്പാദിപ്പിക്കുന്നതിന് ഗവൺമെന്റ് അനുവാദം നൽകില്ല എന്ന നിലപാട് പറഞ്ഞതിനെ സ്വാഗതം ചെയ്യാം. ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കുന്നതിന് വേണ്ടി ഒരു കാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്: കോഴിക്കോട് ജില്ലയിൽ മലയോര കർഷക കൂട്ടായ്മ, കോടഞ്ചേരി, (ഇതൊരു ചാരിറ്റബിൾ സൊസൈറ്റിയാണ്)-ക്ക് നീര ഉൽപ്പാദിപ്പിക്കുന്നതിന് അതിന്റെ ആവശ്യപ്രകാരം, അനുവാദം നൽകണമെന്ന എക്സൈസ് കമ്മീഷണറുടെ ഒരു കത്ത് എ.ഇ.സി. ഓഫീസിൽ ചെന്നിട്ടുണ്ട്. ഒരു അവ്യക്തത വരാതിരിക്കാനാണ് പറയുന്നത്. അതിന്റെ അടിസ്ഥാനത്തിൽ.....

മി. സ്പീക്കർ : Yes Sri. Ramakrishnan, please put the question.

ശ്രീ. ടി. പി. രാമകൃഷ്ണൻ : അവിടെ തെങ്ങ് ചെത്തി നീര വിൽക്കുന്നതിന് അംഗീകാരം കൊടുത്തു. അവിടെ അതിന്റെ ഉത്ഘാടന ചടങ്ങ് നടത്തി. ഇപ്പോൾ അത് പ്രവർത്തിച്ച് വരികയാണ്. അവർ ആദ്യത്തെ ദിവസം കള്ള് ഉൽപ്പാദിപ്പിച്ചു.

Mr. Speaker : Please put the question.

ശ്രീ. ടി. പി. രാമകൃഷ്ണൻ : മന്ത്രിയുടെ വിശദീകരണം വന്നതുകൊണ്ടാണ്. അവിടെ പഞ്ചസാരയിട്ട് കള്ള് കൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. അവിടെ ഉത്ഘാടന ദിവസം.....

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Please put the question

ശ്രീ. ടി. പി. രാമകൃഷ്ണൻ: ഇതെല്ലാം പരിഗണിച്ചുകൊണ്ട് എക്സൈസ് ഡിപ്പാർട്ടുമെന്റ് സ്വീകരിക്കുന്ന നടപടിയെ സംബന്ധിച്ച് വളരെ ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കണം. അടുത്ത ലേലനയം വരികയാണ്. കേരളത്തിലെ ഈ വ്യവസായ രംഗത്തുള്ള തൊഴിലാളി സംഘടനകളുമായി ആലോചിച്ച ശേഷമേ നയം പ്രഖ്യാപിക്കുകയുള്ളുവെന്ന് ഉറപ്പുവരുത്താൻ ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, ബഹുമാനപ്പെട്ട ടി. പി. രാമകൃഷ്ണനുമായിട്ടും എല്ലാ യൂണിയൻ ഭാരവാഹികളുമായിട്ടും കഴിഞ്ഞ വർഷം ഞാൻ പലവട്ടം ഇതേക്കുറിച്ച് ആലോചിച്ചു, അവർ പറഞ്ഞ അഭിപ്രായം തന്നെയാണ് ഞാൻ ഒരു വലിയ ശതമാനംവരെ അംഗീകരിച്ചത്. ഈ വർഷവും അതിന് തയ്യാറാണ്. പിന്നെ 'നീരയ്ക്ക്' ലൈസൻസ് കൊടുത്തു എന്നത്. ഞാൻ ഇന്നലെ എക്സൈസ് കമ്മീഷണറോട് ചോദിച്ചപ്പോൾ കൊടുത്തിട്ടില്ല എന്ന് പറഞ്ഞു. തീർച്ചയായിട്ടും അതെക്കുറിച്ച് അന്വേഷിക്കാം.

(2) ഭൂമിക്ക് ന്യായവില നിശ്ചയിച്ചതിലെ അപാകതകൾ

ശ്രീ. തോമസ് ചാഴികാടൻ : സർ, സംസ്ഥാനത്തൊട്ടാകെ ഭൂമിയുടെ ന്യായവില നിശ്ചയിച്ചുകൊണ്ട് 5-1-2004-ൽ പ്രസിദ്ധീകരിച്ച വിജ്ഞാപനംമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങളിലേക്കാണ് ഞാൻ ഈ സഭയുടേയും ഗവൺമെന്റിന്റേയും ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുന്നത്. ഭൂമി ക്രയവിക്രയം നടത്തുമ്പോൾ ബന്ധപ്പെട്ട പ്രമാണങ്ങളിൽ വസ്തുവിന്റെ വില വളരെക്കുറച്ച് രേഖപ്പെടുത്തി സർക്കാരിന് വമ്പിച്ച വരുമാന നഷ്ടം വരുത്തുന്ന പ്രവണത വളരെ വ്യാപകമാണ്. ഇതു തടയുക എന്ന ലക്ഷ്യം മുൻനിറുത്തി ഭൂമിക്ക് ന്യായവില നിശ്ചയിക്കുന്ന വകുപ്പുകൾ ചേർത്ത് 1959-ലെ സ്റ്റാമ്പ് ആക്ടിന് 1994-ലെ ഫിനാൻസ് ആക്ട് വഴി ഭേദഗതി വരുത്തുകയുണ്ടായി. പ്രസ്തുത ഭേദഗതി 1-4-1994 മുതൽ പ്രാബല്യത്തിൽ വന്നു. എന്നാൽ ന്യായവില നിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുവാൻ കാലതാമസം നേരിട്ടു. 18-8-1997-ൽ അന്നത്തെ സർക്കാർ ന്യായവില നിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങളെ സംബന്ധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു. പ്രസ്തുത വിദഗ്ദ്ധ സമിതിയുടെ ശുപാർശ അനുസരിച്ച് വില്ലേജ് തലത്തിലും താലൂക്കുതലത്തിലും രണ്ട് പ്രത്യേക സമിതികൾ രൂപീകരിച്ച് ന്യായവില നിർണ്ണയിക്കുന്നതിന് സർക്കാർ 2000 ഫെബ്രുവരി 7-ാം തീയതി ഉത്തരവ് ഇറക്കുകയുണ്ടായി. എന്നാൽ കഴിഞ്ഞ സർക്കാർ നിയമിച്ച ഈ സമിതികൾക്ക് കാര്യമായ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞില്ല. കൂടാതെ പ്രസ്തുത സമിതികളിൽ ഉദ്യോഗസ്ഥന്മാർ മാത്രമാണ് ഉണ്ടായിരുന്നത്. ഈ പോരായ്മ പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടി ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വില്ലേജ് തലത്തിലും താലൂക്ക് തലത്തിലും ന്യായവില

LIBRARY ARCHIVES Kerala Legislative Assembly